# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 297

21.08.2017 - ൽ മറുപടിക്ക്.

## ബഡ്സ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ വർഷം പുതുതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്; ഈ വർഷം പുതുതായി 137 ബഡ്സ് സ്കൂളുകളും 55 ബിആർസികളും ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) പഞ്ചായത്തുകൾക്ക് ബഡ്സ് സ്കൂളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഏതെങ്കിലും സർവ്വേയുടെ അടിസ്ഥാനത്തിലാണോ സ്കൂളുകൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2014-15 ൽ നടത്തിയ സർവ്വേയിൽ ഓരോ ജില്ലയിലെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിവരം ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ സർവ്വേ പ്രകാരം ഓരോ പഞ്ചായത്തിലേയും ഭിന്നശേഷിക്കാരുടെ ജനസംഖ്യാനുപാത പ്രകാരം ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ജില്ലാമിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾ താല്പര്യ പത്രം നൽകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ബഡ്സ് സ്കൂൾ അനുവദിക്കുന്നതാണ്. |
| (സി) ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്ക് എന്ത് തുക വീതമാണ് അനുവദിക്കുന്നത്; | (സി) ആകെ 25 ലക്ഷം രൂപ |
| (ഡി) ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് ഉപജീവനമാർഗ്ഗം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഈ വർഷം മുതൽ ടി കുട്ടികളുടെ രക്ഷിതാക്കൾക്ക് കുടുംബശ്രീയുടെ പരിശീലനങ്ങളിൽ മുൻഗണന നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ